"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. അബ്ദുൾ മനാഫ് ഒ. ഫയൽ ചെയ്ത OA 1775/2025-മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 05.03.2026 ലെ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.840/2026/LSGD തീയതി,തിരുവനന്തപുരം, 31-03-2026

---

പരാമർശം:-

1. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 16.07.2025 ലെ LSGD/PD/19248/2025-DEB1 നമ്പർ നടപടിക്രമം.
2. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28.07.2025 ലെ LSGD/PD/19248/2025-DEB1 നമ്പർ നടപടിക്രമം.
3. OA 1357/2025-മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 31/07/2025 ലെ ഉത്തരവ്
4. ശ്രീ. അബ്ദുൾ മനാഫ് ഒ. യുടെ 29/09/2025 ലെ അപ്പീൽ അപേക്ഷ
5. OA 1775/2025-മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 12.12.2025 ലെ ഉത്തരവ്
6. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 22.12.2025 ലെ LSGD/PD/33554/2025-LL1 നമ്പർ നടപടി ക്രമം.
7. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 22.01.2026 ലെ LSGD/PD/33554/2025-LL1 നമ്പർ കത്ത്.
8. OA 1775/2025-മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 05.03.2026 ലെ ഉത്തരവ്

**ഉത്തരവ്**

തദ്ദേശ സ്വയം ഭരണ വകുപ്പ് കാർത്തികപള്ളി ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.അബ്ദുൾ മനാഫ് ഒ. യെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (1) പ്രകാരം ആലപ്പുഴ മുനിസിപ്പാലിറ്റിയിലേക്ക് സ്ഥലം മാറ്റി നിയമിച്ചിരുന്നു. എന്നാൽ പരാമർശം (2) പ്രകാരം കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിലേക്ക് സ്ഥലംമാറ്റി നിയമിച്ചിരുന്ന ആലപ്പുഴ നഗരസഭയിലെ സൂപ്രണ്ട് ശ്രീമതി ശാന്തി എസ്., ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1357/2025 നമ്പർ ഹർജി പരിഗണിച്ച് ടിയാളുടെ സ്ഥലം മാറ്റം മരവിപ്പിച്ച് ബഹു. ട്രിബ്യൂണൽ പരാമർശം (3) പ്രകാരം ഉത്തരവായതിനാൽ ശ്രീ.അബ്ദുൾ മനാഫ് ഒ. യ്ക്ക്

ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ സേവനത്തിൽ പ്രവേശിക്കാൻ സാധിച്ചിരുന്നില്ല.

2. പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ **26.07.2025 FN** ൽ ജോലിയിൽ പ്രവേശിക്കാൻ ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ ഹാജരായെങ്കിലും ഒഴിവില്ല എന്ന കാരണത്താൽ ജോലിയിൽ പ്രവേശിക്കാൻ സാധിച്ചിരുന്നില്ല എന്നും കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്തിൽ തനിക്ക് പകരം നിയമിതയായ ശ്രീമതി രമ്യ ജി ദാസ് ജോലിയിൽ പ്രവേശിച്ചതിനാലും തിരികെ ടി സ്റ്റേഷനിൽ പ്രവേശിക്കുവാനും കഴിഞ്ഞിരുന്നില്ല എന്നും ടി വസ്തുതകൾ വിവരിച്ച് പ്രിൻസിപ്പൽ ഡയറക്ടർക്ക് അപേക്ഷ നൽകിയെങ്കിലും ആയത് പരിഗണിക്കാത്തതിനെ തുടർന്ന് തന്റേതല്ലാത്ത കാരണത്താൽ ജോലിയിൽ പ്രവേശിക്കാൻ കഴിയാതെ പുറത്തു നിൽക്കേണ്ടി വന്ന പ്രസ്തുത കാലയളവ് ഡ്യൂട്ടിയായി പരിഗണിക്കുന്നതിനും കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്തിൽ നിലനിർത്തുകയോ ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ നിലവിലുള്ള അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിലേക്ക് നിയമനം നൽകുകയോ ചെയ്യണമെന്ന് അഭ്യർത്ഥിച്ച് ശ്രീ.അബ്ദുൾ മനാഫ് ഒ. സർക്കാരിൽ സമർപ്പിച്ച പരാമർശം (4) അപേക്ഷ പരിഗണിച്ചില്ല എന്ന് കാണിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ടിയാൻ **OA 1775/2025** ഫയൽ ചെയ്തിരുന്നു. ആയതിന്മേലുള്ള ബഹു. ട്രിബ്യൂണലിന്റെ പരാമർശം (5) ഉത്തരവിൽ, ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് സെക്രട്ടറി, എൽ.എസ്.ജി.ഐ തസ്തികയിലെ ഒഴിവിലേക്ക് ക്യൂ ലിസ്റ്റ് പരിഗണിക്കാതെ തന്നെ ശ്രീ.അബ്ദുൾ മനാഫ് ഒ. യ്ക്ക് ഒരാഴ്ചയ്ക്കുള്ളിൽ നിയമനം നൽകുന്നതിനും, അതിനുശേഷം ടിയാന്റെ ഹാജരില്ലായ്മ ക്രമവൽകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനും നിർദേശിച്ചിരുന്നു.

3. ബഹു. ട്രിബ്യൂണലിന്റെ മേൽ ഉത്തരവ് പാലിച്ച് ശ്രീ. അബ്ദുൾ മനാഫ് ഒ. യ്ക്ക് ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ അസിസ്റ്റന്റ് സെക്രട്ടറി, എൽ.എസ്.ജി.ഐ തസ്തികയിൽ നിയമനം നൽകി പരാമർശം (6) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

4. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ. അബ്ദുൾ മനാഫ് ഒ. **22.12.2025**-ൽ ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ സേവനത്തിൽ പ്രവേശിച്ചിട്ടുണ്ടെന്നും കാർത്തികപള്ളി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി **17.07.2025** മുതൽ **13.11.2025** വരെ ശ്രീ. അബ്ദുൾ മനാഫ് ഒ. യ്ക്ക് അവധി അനുവദിച്ചിട്ടുള്ളതാണെന്നും പ്രസ്തുത അവധി അവസാനിച്ചതിനു ശേഷമുള്ള **14.11.2025** മുതൽ ടിയാൻ ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ സേവനത്തിൽ പ്രവേശിക്കുന്നതിന് മുൻപ് **21.12.2025** വരെയുള്ള **38** ദിവസം ക്രമവൽകരിച്ച് നൽകേണ്ടതുണ്ടെന്നും കേരള സർവീസ് ചട്ടങ്ങൾ ഭാഗം **1** റൂൾ **127** പ്രകാരം പരമാവധി **30** ദിവസം മാത്രമുള്ള ഓവർസ്റ്റേയൽ കാലയളവ് മാത്രമേ ക്രമവൽകരിച്ചു നൽകാൻ സാധിക്കൂവെന്നും, ആയതിനാൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത **OA 1775/2025** നമ്പർ ഹർജിയിന്മേലുള്ള പരാമർശം (6) ഉത്തരവ് പാലിക്കുന്നതിലേയ്ക്കായി, ശ്രീ. അബ്ദുൾ മനാഫ് ഒ. യുടെ **14.11.2025** മുതൽ **21.12.2025** വരെയുള്ള **38** ദിവസത്തെ സേവനകാലയളവ്

പ്രവേശനകാലമായി പരിഗണിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (7) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (8) ഉത്തരവിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (7) പ്രകാരമുള്ള അപേക്ഷയിന്മേൽ 10 ദിവസത്തിനകം ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഒന്നാം എതിർ കക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.എസ്.ആർ.ഭാഗം ഒന്ന് ചട്ടം 12(7) ന് താഴെയുള്ള കുറിപ്പ് (4) പ്രകാരം ഒരു സർക്കാർ ജീവനക്കാരൻ, അവധി കഴിഞ്ഞോ പരിശീലനം കഴിഞ്ഞോ അന്യസർവ്വീസ് സേവനം കഴിഞ്ഞോ അല്ലെങ്കിൽ മുൻ നിയമനകാലാവധി കഴിഞ്ഞോ മടങ്ങി വരുമ്പോൾ, അയാൾ റിപ്പോർട്ട് ചെയ്ത തീയതിക്കും ഡ്യൂട്ടിയിൽ ചാർജ്ജെടുത്ത തിയതിക്കും ഇടയ്ക്കുള്ള ഇടവേളയെ, നിയമനത്തിനായി കാത്തിരിക്കേണ്ടി വരുന്ന കാലയളവിൽ തസ്തികയിൽ ഒഴിവുണ്ടെങ്കിൽ, ഡ്യൂട്ടിയായും ഇല്ലെങ്കിൽ അവധിയായുമാണ് ക്രമീകരിക്കുന്നത്. ആയതിനാൽ, ശ്രീ. അബ്ദുൾ മനാഫ് ഒ. ക്ക് സേവനത്തിൽ പ്രവേശിക്കാൻ സാധിക്കാതിരുന്ന 14.11.2025 മുതൽ 21.12.2025 വരെയുള്ള കാലയളവിൽ ബന്ധപ്പെട്ട തസ്തികയിൽ ഒഴിവുള്ള പക്ഷം കെ.എസ്.ആർ ഭാഗം ഒന്ന് ചട്ടം 12(7) ന് താഴെയുള്ള കുറിപ്പ് (4) പ്രകാരം ഡ്യൂട്ടിയായും അല്ലാത്ത പക്ഷം അവധിയായും ക്രമപ്പെടുത്തുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

OA 1775/2025-ന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (8) ഉത്തരവ് ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീ. അബ്ദുൾ മനാഫ് ഒ., അസിസ്റ്റന്റ് സെക്രട്ടറി, ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, ആലപ്പുഴ
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (*ആമുഖ കത്ത് സഹിതം*)
അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്) ,കേരള (തിരുവനന്തപുരം/തൃശ്ശൂർ)
ധനകാര്യ വകുപ്പ് (*e-3453129/ധെവ-1/58/2026/ധന നമ്പർ ഫയൽ കുറിപ്പ് പ്രകാരം*)
വിവര പൊതുജന സമ്പർക്ക (വെബ്& ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (ഇപിബി1/250/2025-തസ്വഭവ ഫയൽ)

ഉത്തരവിൻ പ്രകാരം
Signed by
Riju M Das
സെക്ഷൻ ഓഫീസർ
Date: 31-03-2026 10:38:15